5. പ്രത്യേക കോടതിയിൽ കേസ് നടത്തുന്നതിനുവേണ്ടി, ഓരോ പ്രത്യേക കോടതിയിലേയ്ക്കും പത്ത് വർഷത്തിൽ കുറയാത്ത സേവന പരിചയമുള്ള ഒന്നോ അതിലധികമോ അഭിഭാഷകരെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി സർക്കാർ ഗസറ്റ് വിജ്ഞാപനംവഴി നിയമിക്കേണ്ടതാണെന്ന് ആക്ടിന്റെ 13-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ഏതെങ്കിലും ധനകാര്യ സ്ഥാപനം നിക്ഷേപങ്ങൾ തിരികെ നൽകുന്നതിൽ വീഴ്ചവരുത്തുകയോ നിക്ഷേപത്തിന്മേൽ പലിശ നൽകുന്നതിൽ വീഴ്ച വരുത്തുകയോ നിക്ഷേപം സേവനത്തിനോ വസ്തുക്കൾക്കോവേണ്ടി വ്യവസ്ഥ ചെയ്യുന്നതാണെങ്കിൽ നിക്ഷേപം നടത്തപ്പെട്ട അങ്ങനെയുള്ള സേവനമോ വസ്തുക്കളോ നൽകുന്നതിൽ പരാജയപ്പെടുകയോ ചെയ്താൽ ധനകാര്യ സ്ഥാപനത്തിന്റെ കാര്യങ്ങളുടെ നടത്തിപ്പിന് ചുമതലപ്പെട്ട ഓരോ ആളും കുറ്റസ്ഥാപനത്തിന്മേൽ 10 വർഷം വരെ ആകാവുന്ന തടവും ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതും കൂടാതെ അത്തരം ധനകാര്യ സ്ഥാപനം ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴ നൽകാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ് എന്ന് ആക്ടിന്റെ 5-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കാറ്റിൽ നിന്നുള്ള വൈദ്യുതോൽപാദനം

21(*200) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാറ്റിൽനിന്നുള്ള വൈദ്യുതോല്പാദനത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തിന്റെ വിഭവശേഷി എത്രയാണെന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) അയൽ സംസ്ഥാനമായ തമിഴ്നാടിനെ അപേക്ഷിച്ച് നാം ഇക്കാര്യത്തിൽ വളരെ പിന്നിൽ ആയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ, വ്യക്തമാക്കുമോ ;

(സി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും പൊതു ജനങ്ങളുടെയുംകൂടി പങ്കാളിത്തമുള്ള പദ്ധതികൾ ആവിഷ്കരിച്ച് പ്രസ്തുത രംഗത്തെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്. 1990 മുതൽ വിന്റ് മോണിറ്ററിംഗ് സ്റ്റേഷൻ സ്ഥാപിച്ച് നടത്തിയ പഠനങ്ങളിൽ 17 സ്ഥലങ്ങളിൽ കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 11 സ്ഥലങ്ങൾ ഇടുക്കിയിലും 5 സ്ഥലങ്ങൾ പാലക്കാടും ഒരെണ്ണം തിരുവനന്തപുരം ജില്ലയിലുമാണ്. ഇതുവരെ നടത്തിയ പഠനങ്ങൾ വിശകലനം ചെയ്തതിൽ നിന്നും കേരളത്തിൽ ഏകദേശം 790 മെഗാവാട്ട് വൈദ്യുതി കാറ്റിൽ നിന്നും ഉത്പാദിപ്പിക്കാൻ സാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ട്. പഠനം നടത്തിയ സ്ഥലങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്. കേരളത്തിൽ, കാറ്റാടി പദ്ധതികൾക്ക് അനുയോജ്യമായി കണ്ടെത്തിയ പ്രദേശങ്ങളെല്ലാംതന്നെ ഭൂപ്രകൃതിയുടെ പ്രത്യേകതകൊണ്ട് കീഴ്ാംതുക്കായ ഇടങ്ങളോ വനമേഖലയോ ആയതിനാൽ വലിപ്പമേറിയ യന്ത്രഭാഗങ്ങൾ വഹിച്ചുകൊണ്ടുപോകുന്നതിനുള്ള ബുദ്ധിമുട്ട്, വനമേഖലകളിലെ നിർമ്മാണ അനുമതി ലഭിക്കാനുള്ള ബുദ്ധിമുട്ട് എന്നിവ ഇത്തരം പദ്ധതികൾ വരുന്നതിന് തടസ്സമാകുന്നുണ്ട്. എന്നാൽ മെച്ചമേറിയ കാറ്റ് ലഭിക്കുന്ന സമതലപ്രദേശങ്ങൾ കൂടുതലുള്ള തമിഴ്നാട്ടിൽ കേരളത്തെ അപേക്ഷിച്ച് കാറ്റാടി പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള അനുകൂല സാഹചര്യമുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സ്വകാര്യ സ്ഥാപനങ്ങളുടേയും പങ്കാളിത്തത്തോടെ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കാവുന്നതാണ്. ഇതിന്റെ മുന്നോടിയായി 7-4-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 12/2015/ഊ.വ. പ്രകാരം സർക്കാർ കൈവശമുള്ള സ്ഥലം ചട്ടങ്ങൾക്കനുസരിച്ച് കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിലേയ്ക്കായി lease rent-നു നൽകുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ആദിവാസി ഭൂമിയിൽ കാറ്റാടിനിലയങ്ങൾ സ്ഥാപിക്കുന്നത് വഴി 5 ശതമാനം റവന്യൂ പങ്കുവയ്ക്കൽ നിഷ്കർഷിക്കുന്ന ഉത്തരവും 6-9-2011-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 34/11/ഊ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

പുനർജ്ജനി പദ്ധതി

22(*201) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പുനർജനി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly